**File No.RCS/2315/2020-CB(3)**

RCS/ 2315/2020-സി.ബി.(3)

സഹകരണ സംഘം രജിസ്ട്രാർ ആഫീസ്
ജവഹർ സഹകരണ ഭവൻ
ഡി.പി.ഐ. ജംഗ്ഷൻ, തിരുവനന്തപുരം-695 014
Website: cooperation.kerala.gov.in,
E-mail: keralarcs.coop@kerala.gov.in
Tel: 0471-2330726, 2331891,

തീയതി : **11/05/2020**

## സർക്കുലർ നമ്പർ 37/2020

വിഷയം:- സഹകരണ വകുപ്പ് - കോവിഡ് 19 വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രഖ്യാപിച്ച പ്രത്യേക പാക്കേജിൽ ഉൾപ്പെട്ട കുടുംബശ്രീ, അയൽക്കൂട്ടങ്ങൾ മുഖേനയുള്ള "മുഖ്യമന്ത്രിയുടെ സഹായഹസ്തം വായ്പാ പദ്ധതി- (CM's Helping Hand Loan Scheme- CMHLS)" സഹകരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കുന്നത്- മാർഗ്ഗ നിർദ്ദേശങ്ങൾ - സംബന്ധിച്ച്

പരാമർശം: -
1. സഹകരണ സംഘം രജിസ്ട്രാറുടെ 30/2020 നമ്പർ സർക്കുലർ
2. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പ മന്ത്രിയുടെ ചേമ്പറിൽ 06.05.2020-ന് കൂടിയ യോഗത്തിന്റെ നടപടിക്കുറിപ്പ്

കോവിഡ് വ്യാപനം തടയുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് ഏർപ്പെടുത്തിയ ലോക്ക് ഡൗണിനെ തുടർന്നുള്ള തൊഴിൽ നഷ്ടവും തൻമൂലം സാധാരണക്കാർക്ക് ഉണ്ടാകുന്ന ദുരിതവും കണക്കിലെടുത്ത് **"മുഖ്യമന്ത്രിയുടെ സഹായഹസ്തം വായ്പാ പദ്ധതി (CM's Helping Hand Loan Scheme- CMHLS)"** സഹകരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കുന്നത് സംബന്ധിച്ച് പരാമർശം (1) പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് പരാമർശം (2) പ്രകാരം ചേർന്ന യോഗത്തിലെ തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ കൂടെ പുറപ്പെടുവിക്കുന്നു.

കോവിഡ്-19 മഹാമാരി കാരണമായി തൊഴിൽ നഷ്ടപ്പെട്ട സാധാരണക്കാരേയും നിത്യചെലവിന് കഷ്ടപ്പെടുന്ന കുടുംബങ്ങളേയും സഹായിക്കുക എന്ന ലക്ഷ്യത്തോടെ സർക്കാർ നടപ്പിലാക്കുന്ന ഒരു പ്രത്യേക ധനസഹായപദ്ധതിയാണിത് . ആയതിനാൽ കഷ്ടതയനുഭവിക്കുന്ന പരമാവധി ആളുകൾക്ക് ധനസഹായം അനുവദിക്കുക എന്ന ലക്ഷ്യത്തെ മുൻനിർത്തിയാകണം ബാങ്കുകൾ ഈ പദ്ധതി നടപ്പിലാക്കേണ്ടത്. വായ്പാ അപേക്ഷകർക്ക് പരമാവധി സഹായകരമായ നിലപാട് സ്വീകരിച്ച് സുഗമമായ വായ്പ വിതരണം ബാങ്കുകൾ ഉറപ്പാക്കേണ്ടതാണ്.

1. ഈ പദ്ധതി പ്രകാരമുള്ള വായ്പകൾ അയൽക്കൂട്ടങ്ങൾക്കുള്ള സാധാരണ ക്രെഡിറ്റ് ലിങ്കേജ് പദ്ധതി പ്രകാരമുള്ള വായ്പകളാണ്. ടി വായ്പകൾ അനുവദിക്കുന്നത്

അയൽക്കൂട്ടങ്ങൾക്കാണ്, അതിലെ അംഗങ്ങൾക്കല്ല . ആയതിനാൽ വായ്പ അനുവദിക്കുന്നതിനായി അയൽക്കൂട്ട അംഗങ്ങളിൽ നിന്നും റേഷൻ കാർഡ്, കരമടച്ച രസീത് തുടങ്ങിയ വ്യക്തിഗത വിവരങ്ങൾ അവശ്യപ്പെടേണ്ടതില്ല.

2. വായ്പ അനുവദിക്കുന്നതിന് താഴെ പറയുന്ന അവശ്യം വേണ്ട രേഖകൾ മാത്രമേ അയൽക്കൂട്ടങ്ങളിൽ നിന്നും ബാങ്കുകൾ ആവശ്യപ്പെടാൻ പാടുള്ളൂ.

<u>നിലവിൽ വായ്പ എടുത്തിട്ടുള്ള അയൽക്കൂട്ടങ്ങളിൽ നിന്നും:-</u>

വായ്പ അപേക്ഷ , വായ്പക്കരാർ, ലിങ്ക് ലെറ്റർ, സി.ഡി.എസ്. ശുപാർശ, അയൽക്കൂട്ടങ്ങളുടെ തീരുമാനം.

<u>പുതിയ വായ്പ അനുവദിക്കുന്ന അയൽക്കൂട്ടങ്ങളിൽ നിന്നും:-</u>

വായ്പ അപേക്ഷ , വായ്പക്കരാർ,interse agreement, സി.ഡി.എസ്. ശുപാർശ, അയൽക്കൂട്ടങ്ങളുടെ തീരുമാനം, അയൽക്കൂട്ടങ്ങളിലെ ആഫീസ് ഭാരവാഹികളുടെ KYC രേഖകൾ.

3. പുതുതായി വായ്പ അനുവദിച്ച നൽകുന്ന അയൽക്കൂട്ടങ്ങൾ , നിലവിൽ ക്രെഡിറ്റ് ലിങ്കേജ് ഉള്ളവയും എന്നാൽ ക്രെഡിറ്റ് ലിങ്കേജിന് ശേഷം അംഗങ്ങൾക്ക് മാറ്റം ഉണ്ടായിട്ടുള്ള അയൽക്കൂട്ടങ്ങൾ എന്നിവയ്ക്ക് മാത്രമാണ് interse agreement ബാധകമാക്കേണ്ടത്.

4. കരാറുകൾക്ക് ആവശ്യമായ മുദ്രപത്രത്തിന് ദൗർലഭ്യം ഉണ്ടാകുകയാണെങ്കിൽ ബാങ്കുകൾ, സർക്കാർ ട്രഷറിയെ നേരിട്ട് സമീപിച്ച് അവ ലഭ്യമാക്കേണ്ടതാണ് . ഇതിലേക്കായി ട്രഷറികൾക്ക് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

5. ഇതൊരു പ്രത്യേക പദ്ധതി ധനസഹായമായതിനാൽ ഈ പദ്ധതി പ്രകാരം അനുവദിക്കുന്ന വായ്പതുക, അയൽക്കൂട്ടങ്ങളിലെ ഏതെങ്കിലും അംഗത്തിന് ബാങ്കിലുള്ള മറ്റേതെങ്കിലും വായ്പകളിൽ തട്ടിക്കിഴിക്കാൻ പാടില്ല. കൂടാതെ ഈ വായ്പകളിൽ നിന്നും ഷെയർ ലിങ്കേജ്, സർവ്വീസ് ചാർജ് എന്നിവ ഈടാക്കാവുന്നതുമല്ല.

മേൽ നിർദ്ദേശങ്ങൾ ബന്ധപ്പെട്ട സഹകരണ ബാങ്കുകൾ /സംഘങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

**(ഒപ്പ്)**
**എ. അലക്സാണ്ടർ ഐ.എ.എസ്.**
**സഹകരണ സംഘം രജിസ്ട്രാർ**

പകർപ്പ് :-

1. സെക്രട്ടറി, കേരള നിയമസഭ(ഉപരിപത്രം സഹിതം)
2. രജിസ്ട്രാർ, കേരള ഹൈക്കോടതി(ഉപരിപത്രം സഹിതം)
3. എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ മിഷൻ.
4. സഹകരണ ആഡിറ്റ് ഡയറക്ടർ, ആഡിറ്റ് ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം.

5. ചീഫ് എക്സിക്യൂട്ടീവ് ആഫീസർ, കേരള സംസ്ഥാന സഹകരണ ബാങ്ക്, തിരുവനന്തപുരം.
6. ജനറൽ മനേജർ,മലപ്പുറം ജില്ല സഹകരണ ബാങ്ക് ,മലപ്പുറം.
7. എല്ലാ ജില്ലാ ജോയിന്റ് രജിസ്ട്രാർ(ജനറൽ), ജോയിന്റ് ഡയറക്ടർ(ആഡിറ്റ്)മാർക്കും.
8. ജോയിന്റ് ഡയറക്ടർ/സമകാലീന ആഡിറ്റർ, കേരള സംസ്ഥാന സഹകരണ ബാങ്കും, ജില്ലാ ആഫീസുകൾക്കും
9. ജോയിന്റ് ഡയറക്ടർ/സമകാലീന ആഡിറ്റർ,മലപ്പുറം ജില്ല സഹകരണ ബാങ്ക് ,മലപ്പുറം.
10. സംഘങ്ങൾക്കും/ബന്ധപ്പെട്ട മറ്റ് സഹകരണ സംഘങ്ങൾക്കും (ജില്ലാ ജോയിന്റ് രജിസ്ട്രാർ മുഖേന)
11. സെക്രട്ടറി, സംസ്ഥാന സഹകരണ യൂണിയൻ, തിരുവനന്തപുരം.
12. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ), അസിസ്റ്റന്റ് ഡയറക്ടർ(ആഡിറ്റ്)മാർക്കും
13. എഡിറ്റർ, സഹകരണവീഥി
14. വെബ്.സൈറ്റ്/ സ്റ്റോക്ക് ഫയൽ/ സ്പെയർ

//ആജ്ഞാനുസരണം//

അസിസ്റ്റന്റ് രജിസ്ട്രാർ(സി.ബി.)